കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 28 | 2022 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# ശബരിമലയിൽ കേളികൊട്ട്; അരങ്ങുണർത്തി ആദ്യമായി മേജർസെറ്റ് കഥകളി

ശബരിമലയിൽ കന്നിക്കഥകളിയുടെ കേളികൊട്ട് ഉണർത്തി വലിയ നടപ്പന്തലിലെ ശ്രീ ശാസ്താ ഓഡിറ്റോറിയത്തിൽ 'മഹിഷീമർദ്ദനം' അരങ്ങേറി. അയ്യപ്പസന്നിധിയിൽ ആദ്യമായി മേജർസെറ്റ് കഥകളി അരങ്ങേറിയപ്പോൾ കാണികളായി വന്ന ഭക്തർക്കും കൗതുകം. കൊല്ലം മൈനാഗപ്പള്ളി മണ്ണൂർക്കാവ് കഥകളി കേന്ദ്രത്തിൽ നിന്നും 20 പേരടങ്ങുന്ന കഥകളി സംഘമാണ് ശബരിമലയിൽ കഥകളി അവതരിപ്പിച്ചത്. വാരണാസി മധു രചിച്ച മഹിഷീമർദ്ദനം ആട്ടക്കഥയാണ് സന്നിധാനത്തെ അരങ്ങിൽ അവതരിപ്പിച്ചത്. വാരണാസി സഹോദരൻമാർ എന്നറിയപ്പെട്ട വാരണാസി മാധവൻ നമ്പൂതിരി, വാരണാസി വിഷ്ണു നമ്പൂതിരി എന്നിവരുടെ ചെറുമകനാണ് വാരണാസി മധു.

കരിവേഷത്തിൽ ഉഗ്രരൂപിയായ മഹിഷിയായി കലാമണ്ഡലം പ്രശാന്ത്, മഹിഷിയുടെ സുന്ദരി വേഷധാരിയായി മധു വാരണാസി, അയ്യപ്പനായി കലാമണ്ഡലം വിശാഖ്, മന്ത്രിയായി കലാമണ്ഡലം നിധിൻ ബാലചന്ദ്രൻ , നാരദനായും ബ്രഹ്മാവായും ഹരി മോഹൻ , ഇന്ദ്രനായി അഭിജിത് പ്രശാന്ത് എന്നിവർ വേഷമിട്ടു.

കലാമണ്ഡലം ഹരീഷ് നമ്പൂതിരി, കലാമണ്ഡലം വിനീഷ് എന്നിവർ കഥകളി സംഗീതം അവതരിപ്പിച്ചു. കലാനിലയം സുഭാഷ് ബാബു, കലാഭാരതി സുമേഷ് എന്നിവർ ചെ , ഏവൂർ മധു, കലാമണ്ഡലം അജി കൃഷ്ണൻ, കലാമണ്ഡലം ദീപക് എന്നിവർ മദ്ദളം എന്നിങ്ങനെ മേളം അവതരിപ്പിച്ചു. ചിങ്ങോലി പുരുഷോത്തമൻ ചുട്ടിയും ശ്രീകൃഷ്ണവിലാസം കഥകളിയോഗം പോരുവഴി ചമയവും അവതരിപ്പിച്ചു. പോരുവഴി വാസുദേവൻ പിള്ള, മുകുന്ദപുരം വിനോദ്, അശോകൻ പന്മന, എന്നിവർ അണിയറയിൽ പ്രവർത്തിച്ചു. പ്രഭാകരൻ ഉണ്ണിത്താൻ കഥകളി സംഘത്തിന്റെ മാനേജറാണ്.

(പി.ആർ.ശബരി - 102)

## സന്നിധാനത്ത് കടകളിലും ഹോട്ടലുകളിലും പരിശോധന കർശനമാക്കി; 31000 രൂപ പിഴയിട്ടു

സന്നിധാനത്ത് കടകളും ഹോട്ടലുകളും ഉൾപ്പെടെയുള്ള കച്ചവടസ്ഥാപനങ്ങളിൽ പരിശോധന കർശനമാക്കി. ഡ്യൂട്ടി മജിസ്ട്രേറ്റിന്റെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയും നേതൃത്വത്തിലുള്ള പത്ത് പേരടങ്ങുന്ന സംഘമാണ് പരിശോധന നടത്തുന്നത്. വിരിവെയ്ക്കുന്നതിന് അയ്യപ്പൻമാരിൽ നിന്നും അമിത തുക ഈടാക്കുക, ഭക്ഷണസാധനങ്ങളുടെ അളവിൽ കുറവ് വരുത്തുക, സ്റ്റീൽ പാത്രങ്ങൾക്ക് അമിതവില ഈടാക്കുക തുടങ്ങിയ 8 കേസുകളിലായി സംഘം 31000 രൂപ പിഴ ഈടാക്കി. രാത്രിയിൽ അനധികൃതമായി ചുക്കുകാപ്പി, കട്ടൻചായ എന്ന പേരിൽ വിൽപന നടത്തിയവർക്കെതിരെയും നടപ്പന്തലിൽ നിന്ന് നെയ്ത്തേങ്ങ ശേഖരിച്ച് വിൽപന നടത്തിയവർക്കെതിരെയും നടപടിയെടുത്തു.
റവന്യൂ, ലീഗൽ മെട്രോളജി, ആരോഗ്യം, സിവിൽ സ്പ്ലൈസ്, വകുപ്പുകളിലെ ജീവനക്കാരടങ്ങുന്ന സംഘമാണ് പരിശോധന നടത്തുന്നത്. അമിതവില ഈടാക്കുക, വിലനിലവാര ബോർഡ് പ്രദർശിപ്പിക്കാതിരിക്കുക, മായം ചേർക്കുക, പരിസര ശുചിത്വം പാലിക്കാതിരിക്കുക തുടങ്ങിയവയിൽ പരിശോധിച്ച് നടപടിയെടുക്കുകയാണ് സംഘത്തിന്റെ ലക്ഷ്യം.

(പി.ആർ.ശബരി - 103)

## ഇന്നത്തെ ശബരിമല വിശേഷങ്ങൾ (28.11 2022)

പുലർച്ചെ 2.30 മണിക്ക് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12.00ന് .... കളഭാഭിഷേകം
12.30ന് .... ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ

3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ.ശബരി - 104)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.